**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1821** **26-10-2026-ൽ മറുപടിയ്ക്ക്**

**സിയാൽ-ന്റെ പ്രവർത്തനമേഖല**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ടി. ജെ. വിനോദ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സിയാലിന്റെ ഏവിയേഷൻ കൺസൾട്ടൻസി പദ്ധതിക്ക് തുടക്കമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം മേഖലകളിലാണ് കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതെന്ന് വിശദമാക്കാമോ;

**മറുപടി:** CIAL ഏവിയേഷൻ കൺസൾട്ടൻസി & എക്സ്പേർട്ട് സർവീസസ് (CIAL-ACES പദ്ധതി 2026 സെപ്റ്റംബർ 24-ന് ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എയർപോർട്ട് ഓപ്പറേഷൻസ് & കാർഗോ, കൊമേഴ്ഷ്യൽ & റെവന്യൂ അഡ്വൈസറി, ഇലക്ട്രിക്കൽ & എയർഫീൽഡ് സിസ്റ്റംസ്, ഐ.ടി & ഡിജിറ്റൽ സൊല്യൂഷൻസ്, സേഫ്റ്റി, ഫയർ & എമർജൻസി സർവീസസ്, സുരക്ഷാ ഓഡിറ്റുകൾ തുടങ്ങിയ മേഖലകളിൽ CIAL-ACES വിദഗ്ധ സേവനം നൽകുന്നു.

**(ബി)** നാല് രാജ്യാന്തര വിമാനത്താവളങ്ങളുള്ള കേരളത്തെ ഏവിയേഷൻ ഹബ്ബാക്കി മാറ്റുകയെന്ന സ്വപ്നപദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

**മറുപടി:** സംസ്ഥാനത്തിന്റെ വർധിച്ചുവരുന്ന വ്യോമയാന ആവശ്യകത, കയറ്റുമതി-ലോജിസ്റ്റിക്സ് വിനോദ സഞ്ചാര മേഖലകളിലെ സാധ്യതകൾ എന്നിവ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളെയും കേന്ദ്രീകരിച്ച് കേരളത്തെ ഏഷ്യയിലെ പ്രധാന ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കുന്നതിനുള്ള വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ചുവടെ ചേർക്കുന്ന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്:

വിമാന അറ്റകുറ്റപ്പണി-പരിപാലന മേഖലയെ ശക്തിപ്പെടുത്തും, സിമുലേറ്റർ അധിഷ്ഠിത പൈലറ്റ് പരിശീലന കേന്ദ്രങ്ങൾ, ഡി.ജി.സി.എ. (DGCA) മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള വിമാന പരിപാലന എഞ്ചിനീയറിംഗ് പരിശീലന-നൈപുണ്യ വികസന സംവിധാനങ്ങൾ എന്നിവയും വിമാനത്താവള കേന്ദ്രീകൃത സാമ്പത്തിക മേഖലകളുടെ രൂപീകരണത്തിനും സാമ്പത്തിക വളർച്ചയ്ക്കും പ്രാധാന്യം നൽകി വിവരസാങ്കേതികവിദ്യ-വിവരസാങ്കേതിക സേവന മേഖലകൾ (IT/ITES), ഗ്ലോബൽ കേപബിലിറ്റി സെന്ററുകൾ (GCC), ഹോസ്പിറ്റാലിറ്റി, വ്യോമയാന അനുബന്ധ വ്യാപാര-സേവന മേഖലകൾ എന്നിവ ഉൾക്കൊള്ളുന്ന എയ്റോപാർക്ക്, എയ്റോസിറ്റി പദ്ധതികളും

നടപ്പിലാക്കും. ഇതുമായി ബന്ധപ്പെട്ട് ഒരു വ്യോമയാന നയം പ്രഖ്യാപിക്കും.കാർഷിക, മത്സ്യ, ഫാർമ മേഖലകളിലെ കയറ്റുമതി ശക്തിപ്പെടുത്തുന്നതിനായി സംയോജിത പാക്ക്ഹൗസ് (Pack House) സൗകര്യവും ഫാർമ-കാർഗോ സൗകര്യങ്ങളും വികസിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ലോജിസ്റ്റിക്സ് പാർക്കുകൾ, ഫ്രീ ട്രേഡ് വെയർഹൗസ് സോണുകൾ എന്നിവ ഉൾപ്പെടുന്ന അനുബന്ധ വികസന പദ്ധതികളും ആവിഷ്കരിക്കും. കൊച്ചിൻ എയർപോർട്ടിനോട് അനുബന്ധമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്ലോബൽ കൺവെൻഷൻ സെന്റർ ആരംഭിക്കും.

**(സി)** പാർക്ക് ചെയ്തിരിക്കുന്ന വിമാനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ബ്രിഡ്ജ് മൗണ്ടഡ് എക്യൂപ്മെന്റ് സർവീസ് സിയാലിൽ നടപ്പാക്കിയിട്ടുണ്ടോ; എല്ലാ വിമാനങ്ങൾക്കും സൗജന്യമായാണോ ഈ സേവനം ലഭ്യമാക്കുന്നതെന്നും ഇന്ത്യയിൽ ആദ്യമായാണോ ഇത്തരമൊരു സൗജന്യ സേവനം നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** CIAL ടെർമിനൽ-3 (അന്താരാഷ്ട്ര ടെർമിനൽ)-ൽ പാർക്ക് ചെയ്തിരിക്കുന്ന വിമാനങ്ങൾക്ക് ആവശ്യമായ ഗ്രൗണ്ട് പവറും എയർ കണ്ടീഷനിംഗും നൽകുന്നതിനായി ബ്രിഡ്ജ് മൗണ്ടഡ് ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ, ടെസ്റ്റിംഗ്, കമ്മീഷനിംഗ് എന്നിവ പൂർത്തിയായി . CIAL ഈ സേവനം എയർലൈനുകൾക്ക് സൗജന്യമായി നൽകുന്നതാണ്. ഇതിന്റെ പ്രവർത്തന രീതികൾ അന്തിമമാക്കുന്നതിനായി വിവിധ എയർലൈനുകളുടെ സുരക്ഷാ ടീമുമായി ചർച്ചകൾ നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**